# UNIVERSITY OF KERALA

***(Re-accredited by NAAC with 'A' Grade)***

**Assurances given and Decisions taken at the Meeting of the Senate held on Friday, the 20th November, 2020**

***<u>Online Meeting (through Google Meet)</u>***

**Time : 8.30 A.M**

**<u>Members Present</u>**

1. Prof. (Dr.) V.P. Mahadevan Pillai
   Vice-Chancellor (In the Chair)
2. Sri. Sibi .C. Babu
3. Dr. Abraham A
4. Sri. Jairaj .J
5. Dr. S. Nazeeb
6. Dr. R. Jayachandran
7. Adv. G. Muraleedharan Pillai
8. Dr. B.S. Jamuna
9. Adv. A. Ajikumar
10. Dr. K.B. Manoj
11. Adv. B. Balachandran
12. Dr. K.G Gopchandran
13. Sri. Ajithkumar J.N
14. Dr. M. Vijayan Pillai
15. Sri. Bijukumar G
16. Sri. R. Rajesh MLA
17. Adv. V. Joy MLA
18. Dr. Helen A
19. Adv. K.H Babujan
20. Sri. G. Patmakumar
21. Dr. G. Suresh Singh
22. Sri. Osbon Y
23. Sri. Ajaykumar V

24. Dr. Vinodkumar TG Nair
25. Adv. Gopukrishnan C.G
26. Sri. Sony P. John
27. Dr. V. Mathew
28. Dr. B. Rajendran
29. Smt. T.S Yamuna Devi
30. Dr. P. Mohanachandran Nair
31. Dr. B. Unnikrishnan Nair
32. Dr. N.P Chandrasekharan
33. Sri. R. Anilkumar
34. Dr. Shifa S
35. Dr. K.R Kavitha
36. Sri. Jayaram S
37. Dr. Balakrishnan A
38. Dr. Sabeen H.M
39. Dr. G.Prasad
40. Dr. Vishnu V.S
41. Dr. Babitha G.S
42. Dr. S. Ajayakumar
43. Dr. A.M Unnikrishnan
44. Major Dr. U. Abdul Khalam
45. Dr. Sumi Alex
46. Smt. Shajitha S
47. Dr. Sekaran S
48. Dr. K.S Anilkumar
49. Dr. Jayakumar K
50. Dr. Dileep A.S
51. Dr. Lakshmi Priya N
52. Sri. Arunkumar R
53. Sri. Harikumar G.K
54. Smt. Sathikumari B

*The meeting was called to order at 8.30 a.m by Prof. (Dr.) V.P. Mahadevan Pillai, Hon'ble Vice-Chancellor. The Chair welcomed all the members present for the meeting.*

***Vice-Chancellor :*** *കോവിഡ്-19 ന്റെ വ്യാപനത്തിന് ശമനമുണ്ടാകാത്തതിനാൽ ഇക്കുറിയും Online Platform –ൽ തന്നെ സെനറ്റ് യോഗം കൂടാൻ നമ്മൾ നിർബന്ധിതരായിരിക്കുകയാണ്. അടുത്ത യോഗത്തിനെങ്കിലും എല്ലാവർക്കും നേരിട്ട് പങ്കെടുക്കാൻ പറ്റുന്ന സാഹചര്യം സംജാതമാകുമെന്ന് പ്രതീക്ഷിക്കാം. Agenda- യിലെ ആദ്യ ഇനമായ അനുശോചനവും അനുമോദനവും അവതരിപ്പിക്കാൻ രജിസ്ട്രാറെ ക്ഷണിക്കുന്നു.*

## Condolences & Felicitations

### അനുശോചനം

ഋഗ്വേദ പണ്ഡിതൻ ജി.ഭൂതലിംഗ ശർമ്മ, കവി ലൂയിസ് പീറ്റർ, പ്രശസ്ത മലയാള നടൻ അനിൽ മുരളി, ബംഗാൾ കോൺഗ്രസ് അദ്ധ്യക്ഷൻ സോമൻ മിത്ര, ക്രിക്കറ്റ് പരിശീലകൻ അശോക് മുസ്തഫി, മുതിർന്ന സോഷ്യലിസ്റ്റ് നേതാവ് ആലുങ്കൽ ദേവസി, രാജ്യസഭാംഗവും സമാജ്‌വാദി പാർട്ടി മുൻ നേതാവുമായ അമർ സിംഗ്, നാടൻപാട്ട് കലാകാരൻ ജിതേഷ് കക്കിടിപ്പുറം, കാമറൂൺ ഫുട്ബോൾ ടീം മുൻ ക്യാപ്റ്റൻ സ്റ്റീഫൻ റ്റാറ്റൗ, 'മിസ്റ്റർ ഡെമോക്രസി' എന്നറിയപ്പെട്ടിരുന്ന തായ്‌വാൻ മുൻ പ്രസിഡന്റ് ലീ തെംഗ്-ഹുയി, ഇടുക്കി ജില്ലയിലെ പെട്ടിമുടിയിൽ ഉണ്ടായ ഉരുൾപൊട്ടലിൽ ജീവൻ നഷ്ടപ്പെട്ടവർ, കരിപ്പൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ എയർ ഇന്ത്യ എക്സ്പ്രസ് വിമാനം തകർന്ന് പൈലറ്റ് ദീപക് വി. സതേ അടക്കം മരണമടഞ്ഞ പ്രിയപ്പെട്ടവർ, പ്രശസ്ത കവിയും ഗാനരചയിതാവുമായ ചുനക്കര രാമൻകുട്ടി, പ്രശസ്ത മലയാളി ഫോട്ടോഗ്രാഫർ പുനലൂർ രാജൻ, പ്രശസ്ത ഹോളിവുഡ് നടൻ ചാഡ്വിക് ബോസ്മാൻ, പ്രശസ്ത അത്‌ലറ്റിക്സ് പരിശീലകനും ധ്യാൻചന്ദ് പുരസ്കാര ജേതാവുമായ പുരുഷോത്തം റായ്, ഇന്ത്യയുടെ മുൻ രാഷ്ട്രപതി പ്രണബ് കുമാർ മുഖർജി, ഇന്ത്യയിലെ ആദ്യ വനിതാ കാർഡിയോളജിസ്റ്റ്

ഡോ.എസ്.പദ്മാവതി, ഇന്ത്യൻ സിനിമാ സംവിധായകനും നിർമാതാവുമായ ജോണി ബക്ഷി, ഇന്ത്യൻ റേഡിയോ ആസ്ട്രോണമിയുടെ പിതാവ് എന്നറിയപ്പെടുന്ന ഗോവിന്ദ് സ്വരൂപ്, ആമുഖം ഭരണഘടനയുടെ അഭിഭാജ്യ ഘടകമാണെന്ന് സുപ്രീംകോടതി പ്രസ്താവിക്കാൻ ഇടയാക്കിയ കേസിലെ പ്രധാന കക്ഷിയായ കേശവാനന്ദ ഭാരതി, പ്രമുഖ ആർ.ജെ.ഡി.നേതാവും കേന്ദ്ര ഗ്രാമവികസന മന്ത്രിയുമായിരുന്ന രഘുവൻഷ് പ്രസാദ് സിംഗ്, മുൻ റിസർവ് ബാങ്ക് ഗവർണർ അമിതാഭ് ഘോഷ്, പ്രശസ്ത ആയുർവേദ ഭിഷഗ്വരൻ പി.ആർ.കൃഷ്ണകുമാർ, കമ്മ്യൂണിസ്റ്റ് നേതാവും മുൻ ലോക്സഭാ അംഗവുമായ വനിത റോസ ദേശ്പാണ്ഡെ, ഓക്സിജൻ സിലിണ്ടർ ഇല്ലാതെ ഏറ്റവും കൂടുതൽ തവണ എവറസ്റ്റ് കീഴടക്കിയ പർവതാരോഹകൻ എന്ന ഖ്യാതി നേടിയ അങ്കറിത ഷെർപ, കേന്ദ്ര റെയിൽവേ സഹമന്ത്രി സുരേഷ് അങ്കടി, മുൻ ഓസ്ട്രേലിയൻ ക്രിക്കറ്റ് താരം ഡീൻ ജോൺസ്, പ്രശസ്ത ഇന്ത്യൻ സംഗീതജ്ഞൻ എസ്.പി.ബാലസുബ്രഹ്മണ്യം, അറ്റോമിക് എനർജി കമ്മീഷൻ ഓഫ് ഇന്ത്യയുടെ മുൻ ചെയർമാൻ ഡോ.ശേഖർ ബസു, മുൻ കേന്ദ്രമന്ത്രി ജസ്വന്ത് സിംഗ്, അസമിന്റെ ആദ്യ വനിതാ മുഖ്യമന്ത്രി സയേദൻവര തൈമൂർ, മുൻ ഇന്ത്യൻ ക്രിക്കറ്റ് താരം ചേതൻ ചൗഹാൻ, ആധുനിക ഇന്ത്യൻ തിയേറ്റർ നിർമാതാവ് എന്നറിയപ്പെടുന്ന ഇബ്രാഹിം അൽകാസി, ഇന്ത്യൻ ഫുട്ബോൾ ടീം മുൻ ക്യാപ്റ്റൻ കാൾട്ടൺ ചാപ്മാൻ, ബോളിവുഡ് നടി മിഷ്തി മുഖർജി, മുൻ സി.ബി.ഐ ഡയറക്ടർ അശ്വിനി കുമാർ, പ്രശസ്ത ബോളിവുഡ് നടൻ വിശാൽ ആനന്ദ്, കേന്ദ്രമന്ത്രി രാം വിലാസ് പാസ്വാൻ, കേരള ഹൈക്കോടതി മുൻ ചീഫ് ജസ്റ്റിസ് കെ.കെ.ഉഷ, നൊബേൽ പുരസ്കാര ജേതാവ് മരിയോ ജെ മൊളീന, പ്രശസ്ത കുച്ചിപ്പുടി നർത്തകി ശോഭ നായിഡു, ഓസ്കാർ പുരസ്കാരം നേടുന്ന പ്രഥമ ഇന്ത്യാക്കാരിയായ ഭാനു അതയ്യ, പ്രശസ്ത മലയാള മഹാകവി അക്കിത്തം അച്യുതൻ നമ്പൂതിരി, പ്രശസ്ത കർണാടക സംഗീതജ്ഞൻ പി.എസ്.നാരായണസ്വാമി, പ്രശസ്ത മലയാള സീരിയൽ നടൻ ശബരീനാഥ്, പ്രശസ്ത ക്രിക്കറ്റ് ജേർണലിസ്റ്റും കമന്റേറ്ററുമായ കിഷോർ ഭിമാനി, പിന്നണിഗായകനും നടനുമായ കെ.ജെ.മുഹമ്മദ് ബാബു, ഇന്ത്യൻ സിനിമാ സംവിധായകൻ ബി. വിജയ റെഡ്ഡി, മറാഠി സിനിമാ നടൻ അവിനാഷ് കരിഷ്കർ, പ്രശസ്ത ഗുജറാത്തി സംഗീതജ്ഞൻ മഹേഷ് കനോഡിയ, വിശ്വപ്രസിദ്ധ ബ്രിട്ടീഷ് സ്കോട്ടിഷ് നടൻ ഷോൺ കോണറി, പ്രശസ്ത വയലിൻ വിദ്വാൻ പ്രൊഫ.ടി.എൻ.കൃഷ്ണൻ, പ്രശസ്ത ബ്രിട്ടീഷ് യുദ്ധകാല പത്രപ്രവർത്തകൻ റോബർട്ട് ഫിസിക്, യുവ സി.പി.എം. നേതാവും സംസ്ഥാന യുവജനക്ഷേമ ബോർഡ് വൈസ് ചെയർമാനുമായ പി.ബിജു, മുതിർന്ന മാധ്യമപ്രവർത്തകനും നാടകപ്രവർത്തകനുമായ കെ.പത്മനാഭൻ നായർ, നാടക നടി രുക്മിണി ദേവി, ഇതിഹാസ സംവിധായകൻ ഫെർണാണ്ടോ സൊളാനസ്, മുൻ എം.എൽ.എ. എം.നാരായണൻ, യു.ഐ.ടി. ആറാലുംമൂട് പ്രിൻസിപ്പാൾ വിജയകുമാരി, ബോളിവുഡ് നടൻ ആസിഫ് ബസ്ര, ബഹ്റൈൻ പ്രധാനമന്ത്രി പ്രിൻസ് ഖലീഫ ബിൻ സൽമാൻ അൽ ഖലീഫ, ബംഗാളി സിനിമയിലെ ഇതിഹാസ നടൻ സൗമിത്ര ചാറ്റർജി, മാർത്തോമ്മ സഭ പരമാദ്ധ്യക്ഷൻ ഡോ.ജോസഫ് മെത്രാപ്പോലീത്ത, മാർ തിയോഫിലോസ് ട്രെയിനിംഗ് കോളേജ് അദ്ധ്യാപകൻ ഡോ.ലാജി വർഗീസ്, കോവിഡ് മഹാമാരിയിൽ ജീവൻ നഷ്ടപ്പെട്ട ലോകത്താകമാനമുള്ള സഹോദരങ്ങൾ എന്നിവരുടെ നിര്യാണത്തിൽ ഈ യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

*A Minute's silence was observed as a mark of respect to the departed souls.*

## അനുമോദനം

കാലിക്കറ്റ് സർവകലാശാല പ്രോ–വൈസ് ചാൻസലറായി നിയമിതനായ ഡോ.എം.നാസർ, നൂറുൽ ഇസ്ലാം യൂണിവേഴ്സിറ്റിയുടെ എ.പി.ജെ.അവാർഡ് നേടിയ ഐ.എസ്.ആർ.ഒ. ഡയറക്ടർ ഡോ.സോമനാഥ്, നൂറനാട് ഹനീഫ് പുരസ്കാരം നേടിയ വി.ഷിനിലാൽ, മധ്യപ്രദേശ് സർക്കാർ ബോർഡിന്റെ പന്ത്രണ്ടാം ക്ലാസ് പരീക്ഷ പതിമൂന്നാം വയസ്സിൽ ജയിച്ച മലയാളി പെൺകുട്ടി തനിഷ്ക ചന്ദ്രൻ, ഭൗമശാസ്ത്ര മന്ത്രാലയത്തിന്റെ ശാസ്ത്ര ഗവേഷണ പുരസ്കാം നേടിയ ഡോ.എസ്.സുരേഷ്ബാബു, സി.എസ്.ഐ.ആർ. ന്റെ യംഗ് സയന്റിസ്റ്റ് പുരസ്കാരം നേടിയ ശാസ്ത്രജ്ഞൻ ഡോ.സൂരജ് സോമൻ, സിംഗപ്പൂരിലെ ആദ്യ പ്രതിപക്ഷ നേതാവായി തെരഞ്ഞെടുക്കപ്പെട്ട ഇന്ത്യൻ വംശജൻ പ്രീതം സിംഗ്, 53 – ാമത് ബെയിൽ ഇന്റർനാഷണൽ ചെസ്സ് ഫെസ്റ്റിവലിൽ രണ്ടാം സ്ഥാനം നേടിയ ഇന്ത്യൻ താരം പി.ഹരികൃഷ്ണ, ബ്രിട്ടീഷ് ഗ്രാൻപ്രി, സ്പാനിഷ് എഫ് വൺ ഗ്രാൻപ്രി, ബെൽജിയം ഗ്രാൻപ്രി, ഫോർമുല വൺ ടർക്കിഷ് ഗ്രാൻപ്രി കിരീടം എന്നിവ നേടിയ ലൂയിസ് ഹാമിൽട്ടൺ, ഗാന്ധിയൻ യംഗ് ടെക്നോളജിക്കൽ ഇന്നവേഷൻ അവാർഡ് നേടിയ ഐ.ഐ.ടി. ഖരഗ്പൂർ, സിറാജ് മാനേജ്മെന്റിന്റെ പ്രഥമ കെ.എം.ബഷീർ സ്മാരക പുരസ്കാരം നേടിയ അനു എബ്രഹാം, പ്രേം ഭാട്ടിയ പുരസ്കാര ജേതാവ് ദീപാംഗർ ഘോഷ്,ഐ.സി.സി.യുടെ ഇന്റർനാഷണൽ പാനൽ ഓഫ് അംപയേഴ്സിലേക്ക് തെരഞ്ഞെടുക്കപ്പെട്ട മലയാളിയായ കെ.എൻ.അനന്തപത്മനാഭൻ, ഔട്ട്ലുക്ക് റാങ്കിംഗിൽ മികച്ച പ്രകടനത്തോടെ പതിനെട്ടാം സ്ഥാനം കരസ്ഥമാക്കിയ കേരളസർവകലാശാല, ഏഷ്യൻ കോളേജ് ഓഫ് ജേർണലിസം അവാർഡിന് അർഹരായ നിതിൻ സേഠി, ശിവ് സഹായ് സിംഗ്, ജോയൽ ഹെൻട്രി ഹൈൽഡ്ബ്രാൻഡ് അവാർഡിനർഹനായ ഇന്ത്യാക്കാരൻ പ്രൊഫ.ഭീമൻ ബക്ഷി, ഇന്ത്യയിൽ ആദ്യമായി ഡിജിറ്റൽ ഗാർഡൻ ആരംഭിച്ച കേരളസർവകലാശാല, രാജീവ്ഗാന്ധി ഖേൽരത്ന പുരസ്കാര ജേതാക്കളായ രോഹിത് ശർമ്മ, വിനേഷ് ഫോഗാട്ട്, മണിക ബത്ര, റാണി രാംപാൽ, മാരിയപ്പൻ തങ്കവേലു, ധ്യാൻചന്ദ് അവാർഡ് നേടിയ മലയാളി മുൻ അത്‌ലറ്റ് ജിൻസി ഫിലിപ്പ്, ഐ.സി.സി.യുടെ ഹാൾ ഓഫ് ഫെയിമിൽ ഇടം നേടിയ ജാക്വസ് കാലിസ്, ലിസ സ്തലേക്കർ, സീഹർ അബ്ബാസ്, അർജുന അവാർഡ് നേടിയ ക്രിക്കറ്റ് താരങ്ങളായ ഇഷാന്ത് ശർമ്മ, ദീപ്തി ശർമ്മ, യു.എസ്–ഇന്ത്യ സ്ട്രാറ്റജിക് പാർട്ടനർഷിപ്പ് ഫോറം ലീഡർഷിപ്പ് അവാർഡിന് അർഹരായ ആനന്ദ് മഹീന്ദ്ര, ശാന്തനു നാരായൺ, മെന്റൽ കാൽക്കുലേഷൻ വേൾഡ് ചാമ്പ്യൻഷിപ്പിൽ ഗോൾഡ് മെഡൽ നേടി 'വേൾഡ്സ് ഫാസ്റ്റസ്റ്റ് ഹ്യൂമൻ കാൽക്കുലേറ്റർ റൈറ്റിൽ' സ്വന്തമാക്കിയ നീലകണ്ഠഭാനു പ്രകാശ്, ഇന്റർനാഷണൽ ബുക്കർ പ്രൈസ് നേടുന്ന ഏറ്റവും പ്രായം കുറഞ്ഞ വ്യക്തിയായ മരികെ ലൂക്കാസ് റിജ്നാ വീൽഡ്, ടെൻസിംഗ് നോർവേ അഡ്വഞ്ചർ അവാർഡ് നേടുന്ന ഇന്ത്യയിലെ ആദ്യ പാരാ നീന്തൽ താരമായ സത്യേന്ദ്ര സിംഗ് ലോഹ്യ, വെസ്റ്റേൺ ആന്റ് സതേൺ ടെന്നീസ് ട്രോഫി പുരുഷ

വിഭാഗം ജേതാവ് നൊവാക്ക് ദ്യോക്കോവിച്ച്, വനിതാ വിഭാഗം ജേതാവ് വിക്ടോറിയ അസരംഗ, ബ്രിട്ടണിലെ പ്രശസ്തമായ 'Blue Plaque' ബഹുമതിയിലൂടെ ആദരിക്കപ്പെട്ട ഇന്ത്യൻ വംശജയായ നൂർ ഇനായത് ഖാൻ, മൈൽസ് ഫ്രാങ്ക്ളിൻ അവാർഡ് നേടിയ സാഹിത്യകാരി താര ജൂൻവിച്ച്, വേൾഡ് ഓപ്പൺ ഓൺലൈൻ ചെസ്സ് ടൂർണമെന്റ് ജേതാവ് പി.ഇനിയൻ, ടൈംസ് ഹയർ എജ്യൂക്കേഷന്റെ ഏഷ്യ യൂണിവേഴ്സിറ്റി റാങ്കിംഗിൽ മുന്നിലെത്തിയ ഐ.ഐ.എസ്.സി. ബാംഗ്ലൂർ, കഴിഞ്ഞ ഏഴ് വർഷത്തിനുള്ളിൽ ഗ്രാൻഡ് സ്ലാം സിംഗിൾസ് മത്സരത്തിൽ വിജയിക്കുന്ന ആദ്യ ഇന്ത്യാക്കാരനായ സുമിത് നാഗൽ, ആറു മണിക്കൂർ തുടർച്ചയായി 208 പാട്ടുകൾ പാടി ബുക്ക് ഓഫ് ഇന്ത്യൻ റെക്കോർഡിൽ ഇടം പിടിച്ച മലയാളിയായ ശ്രേയ ഭാനു, യു.എസ്.ഓപ്പൺ പുരുഷ വിഭാഗം ജേതാവ് ഡൊമിനിക് തെം, വനിതാ വിഭാഗം ജേതാവ് നവൊമി ഒസാക്ക, പാർലമെന്ററി ഗ്രൂപ്പ് ഫോർ ചിൽഡ്രൻ അവാർഡിന് അർഹനായ മലയാളിയായ രാജ്യസഭാ എം.പി. കെ.കെ.രാഗേഷ്, ഏഷ്യ സൊസൈറ്റിയുടെ ഏഷ്യ ഗെയിം ചെയ്ഞ്ചർ അവാർഡിന് അർഹനായ ഇന്ത്യാക്കാരനായ വികാസ് ഖന്ന, ഗോൽഡൻ പെൻ ഓഫ് ഫ്രീഡം അവാർഡ് നേടിയ ജിനേത് ബഡോയ ലിമ, ഐക്യരാഷ്ട്രസഭയുടെ ക്ലാസ് ഓഫ് യംഗ് ലീഡർ ഫോർ ദ സസ്റ്റയിനബിൾ ഡെവലപ്മെന്റ് ഗോൾസിൽ ഇടം നേടിയ ഇന്ത്യാക്കാരനായ ഉദിത് സിംഗാൾ, റാഫേൽ യുദ്ധവിമാനം പറത്തുന്ന ആദ്യ ഇന്ത്യൻ വനിതാ പൈലറ്റ് എന്ന നേട്ടത്തിന് അർഹയായ ശിവാംഗി സിംഗ്, ഓൾ ഇന്ത്യ ഫുട്ബോൾ ഫെഡറേഷന്റെ പ്ലെയർ ഓഫ് ദ ഇയർ പുരസ്കാരത്തിന് അർഹരായ ഗുർപ്രീത് സിംഗ് സന്ധു, സഞ്ജുയാദവ്, ശാന്തി സ്വരൂപ് ഭട്നഗർ പുരസ്കാരത്തിന് അർഹരായ മലയാളികളായ ഡോ.യു.കെ.അനന്തവർദ്ധനൻ, ഡോ.സുബി ജേക്കബ് ജോർജ്, യമിൻ ഹസാരിക അവാർഡിന് അർഹയായ റാണ സഫ്വി, മഹാരാഷ്ട്ര സർക്കാരിന്റെ ഗാൻ സമരാഗ്നി ലതാ മങ്കേഷ്കർ അവാർഡിന് അർഹയായ ഉഷ മങ്കേഷ്കർ, വൈദ്യശാസ്ത്ര നൊബേൽ പുരസ്കാരം നേടിയ ഹാർവി ജെ ആൾട്ടർ, ചാൾസ് എം റൈസ്, മൈക്കിൾ ഹൗടൺ, ഭൗതികശാസ്ത്ര നൊബേൽ പുരസ്കാരം നേടിയ റോജർ പെൻറോസ്, റെയ്നാർഡ് ഗെൻസെൽ, സാഹിത്യ നൊബേൽ പുരസ്കാരം നേടിയ ലൂയിസ് എലിസബത്ത് ഗ്ലിക്ക്, രസതന്ത്ര നൊബേൽ പുരസ്കാരം നേടിയ ഇമാനുവേൽ ഷർഹോന്തിയെ, ജെനിഫർ എ ഡൗഡ്ന, ധനശാസ്ത്ര നൊബേൽ പുരസ്കാരം നേടിയ പോൾ ആർ മിൽഗ്രം, റോബർട്ട് ബി വിൽസൻ, സമാധാന നൊബേൽ പുരസ്കാരം നേടിയ ഐക്യരാഷ്ട്ര സംഘടനയുടെ ലോക ഭക്ഷ്യ പദ്ധതി, വയലാർ സാഹിത്യ പുരസ്കാരം നേടിയ ഏഴാച്ചേരി രാമചന്ദ്രൻ, ഫ്രഞ്ച് ഓപ്പൺ ടെന്നീസ് പുരുഷവിഭാഗം ജേതാവ് റാഫേൽ നദാൽ, വനിതാവിഭാഗം ജേതാവ് ഇഗ സ്യാംതെക്, സംസ്ഥാന ചലച്ചിത്ര അവാർഡിൽ മികച്ച നടിയായി തെരഞ്ഞെടുക്കപ്പെട്ട കനി കുസൃതി, മികച്ച നടനായി തെരഞ്ഞെടുക്കപ്പെട്ട സുരാജ് വെഞ്ഞാറമൂട്, മികച്ച സംവിധായകനായി തെരഞ്ഞെടുക്കപ്പെട്ട ലിജോ ജോസ് പെല്ലിശ്ശേരി, ആൾട്ടർനേറ്റീവ് നൊബേൽ പ്രൈസ് എന്നറിയപ്പെടുന്ന റൈറ്റ് ലൈവ്ലീഹുഡ് പുരസ്കാര ജേതാക്കളായ നാസറിൻ സെടൂബ്ഹ്, ബ്രയാൻ സ്റ്റീവൻസൺ, ലോട്ടി കണ്ണിംഗ്ഹാം, ആലിസ് ബിയാസ്കി, സരള പുരസ്കാരം നേടിയ നിത്യാനന്ദ നായക്, വൈൽഡ്ലൈഫ് ഫോട്ടോഗ്രാഫർ ഓഫ് ദ ഇയർ പുരസ്കാരം നേടുന്ന ആദ്യ ഇന്ത്യൻ വനിതയായ ഐശ്വര്യ ശ്രീധർ, എഴുത്തച്ഛൻ സാഹിത്യ പുരസ്കാരം നേടിയ സക്കറിയ, ന്യൂസിലൻഡിൽ മന്ത്രിയായി തെരഞ്ഞെടുക്കപ്പെട്ട പ്രിയങ്ക രാധാകൃഷ്ണൻ, ഒ.വി.വിജയൻ സ്മാരക സാഹിത്യ പുരസ്കാരം നേടിയ ടി.പത്മനാഭൻ, സുഭാഷ് ചന്ദ്രൻ, അമൽരാജ് പാറമേൽ, ക്ഷേത്രകലാ അക്കാദമിയുടെ ക്ഷേത്രകലാശ്രീ പുരസ്കാരം നേടിയ മട്ടന്നൂർ ശങ്കരൻകുട്ടി മാരാർ, ക്ഷേത്രകലാ ഫെല്ലോഷിപ്പ് നേടിയ സ്വാമി കൃഷ്ണാനന്ദ ഭാരതി, അമേരിക്കയിലെ സ്റ്റാൻഫഡ് സർവകലാശാല തയ്യാറാക്കിയ ലോകത്തിലെ മികച്ച ശാസ്ത്രജ്ഞരുടെ ലോക റാങ്കിംഗിൽ ഉന്നത റാങ്ക് കരസ്ഥമാക്കിയ കേരളസർവകലാശാല രസതന്ത്രവിഭാഗം മേധാവി ഡോ.ടി.എസ്.അനിരുദ്ധൻ, എം.ജി. സർവകലാശാല വൈസ് ചാൻസലർ പ്രൊഫ.സാബു തോമസ്, കേരളസർവകലാശാല മുൻ വൈസ് ചാൻസലർ കൂടിയായ ഡോ.എ.ജയകൃഷ്ണൻ, കുഫോസ് സർവകലാശാലയിലെ അഡ്ജന്റ് ഫാക്കൽറ്റി വേണുഗോപാൽ, ജെ.സി.ഡാനിയേൽ പുരസ്കാരം നേടിയ സംവിധായകൻ ഹരിഹരൻ, പത്മപ്രഭാ പുരസ്കാരം നേടിയ ശ്രീകുമാരൻ തമ്പി, മാതൃഭൂമി സാഹിത്യ പുരസ്കാം നേടിയ കെ.സച്ചിദാനന്ദൻ, ജെ.സി.ബി. സാഹിത്യപുരസ്കാരം നേടിയ എസ്.ഹരീഷ്, പരിഭാഷ തയ്യാറാക്കിയ ജയശ്രീ കളത്തിൽ, വോഗ് മാഗസിന്റെ 'വുമൺ ഓഫ് ദ ഇയർ 2020' അംഗീകാരം നേടിയ ആരോഗ്യമന്ത്രി കെ.കെ.ശൈലജ, ഐ.പി.എൽ. കിരീടം നേടിയ മുംബൈ ഇന്ത്യൻസ് ടീമംഗങ്ങൾ, നിയുക്ത അമേരിക്കൻ വൈസ് പ്രസിഡന്റും ഇന്ത്യൻ വംശജയുമായ കമലാ ഹാരിസ്, കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷന്റ 'ബെസ്റ്റ് ടീച്ചർ എഡ്യൂക്കേറ്റർ അവാർഡ്' ന് അർഹരായ കേരളസർവകലാശാല അദ്ധ്യാപകരായ ഡോ.ദിവ്യ സി സേനൻ, ഡോ.സിന്ധ്യ വി., ഇന്ത്യാ ടുഡേയുടെ സദ്ഭരണ അവാർഡ് ലഭിച്ച സംസ്ഥാന സർക്കാർ എന്നിവരെ ഈ യോഗം അനുമോദിക്കുന്നു.

The Vice- Chancellor informed the House that the next item in the Agenda is Question Hour and invited the members to present their questions.

**Question No.1** given notice of by Dr. Abraham.A was answered by Dr. S. Nazeeb, Member, Syndicate.

| ഡോ.എബ്രഹാം.എ | |
|---|---|
| ചോദ്യം : 1 | **കോവിഡ് കാല വിദ്യാഭ്യാസസംബന്ധമായി കേരള സർവകലാശാല നിയമിച്ച പ്രൊഫ.പി.പി അജയകുമാർ (പ്രോ-വൈസ് ചാൻസിലർ) അധ്യക്ഷനായ സമിതിയുടെ ശുപാർശകൾ, പ്രത്യേകിച്ചും അഫിലിയേറ്റഡ് കോളേജുകളുടെ പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ടവ നടപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?** |
| ഉത്തരം | പരിഗണിച്ചുവരുന്നു. സർക്കാർ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളും. |

**Question No.2** given notice of by Dr. B. Rajendran was not considered as the member was not present at the time.

**Question No.3** given notice of by Dr. Babitha G.S was answered by Dr. S. Nazeeb, Member, Syndicate.

| ഡോ.ബബിത.ജി.എസ് | |
|---|---|
| ചോദ്യം : 3 | **യു.ജി.സി മിനിമം സ്റ്റൻഡേർഡ് ആന്റ് പ്രൊസിജുയർ ഫോർ അവാർഡ് ഓഫ് എം.ഫിൽ/പി.എച്.ഡി റെഗുലേഷൻസ് 2016 ക്ലോസ് 8 പ്രകാരം റിസർച്ച് അഡ്വൈസറി കമ്മിറ്റിയുടെ രൂപീകരണവും പ്രവർത്തനവും ഗവേഷണകേന്ദ്രങ്ങളായ അഫിലിയേറ്റഡ് കോളേജുകളിൽ നടത്താൻ സർവകലാശാല സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?** |
| ഉത്തരം | നിലവിൽ എല്ലാ ഗവേഷണ വിഷയങ്ങൾക്കും ഡോക്ടറൽ കമ്മിറ്റികളുണ്ട്. അഫിലിയേറ്റഡ് കോളേജുകളിലെ ഗവേഷണ കേന്ദ്രങ്ങളിൽ അത്തരം കമ്മിറ്റികൾ ആരംഭിക്കുന്നകാര്യം പരിഗണിച്ചിട്ടില്ല. |

**Question No.4** given notice of by Sri. Sibi .C. Babu was answered by Dr. S. Nazeeb, Member, Syndicate.

| ശ്രീ. സിബി സി. ബാബു | |
|---|---|
| ചോദ്യം : 4 | **2020 മാർച്ച് 27 ന് നടന്ന സെനറ്റിൽ ചോദ്യം 5ന് ബഹുമാനപ്പെട്ട വൈസ് ചാൻസലർ നൽശിയ മറുപടിയിൽ അധ്യാപകരുടെ പ്രോമോഷൻ നടപടികൾക്കുള്ള വിഷയ വിദഗ്ദ്ധരായി എയ്ഡഡ് കോളേജ് അദ്ധ്യാപകരെ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കാവുന്നതാണെന്ന് അറിയിച്ചിരുന്നു. 2020 ഏപ്രിൽ ഒന്ന് മുതൽ 2020 സെപ്റ്റംബർ മുപ്പതുവരെയുള്ള കാലഘട്ടത്തിൽ അദ്ധ്യാപകരുടെ പ്രൊമോഷൻ/ പ്ലേസ്മെന്റ് നടപടികൾക്കായുള്ള വിഷയ വിദഗ്ധരുടെ പാനലിൽ എത്ര എയഡഡ് കോളേജ് അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട് ?**<br>**a) മേൽ സൂചിപ്പിച്ച കാലഘട്ടത്തിൽ അദ്ധ്യാപകരുടെ പ്രൊമോഷൻ/പ്ലേസ്മെന്റ് നടപടികൾക്കായുള്ള വിഷയ വിദഗ്ധരുടെ പാനലിൽ യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റ്, ഗവൺമെന്റ് കോളേജ് എന്നിവയിൽ നിന്ന് എത്ര അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട് ?** |
| ഉത്തരം | പ്രസ്തുത നിർദ്ദേശം പരിഗണിച്ചിട്ടുണ്ട്. സർവകലാശാല പഠനവകുപ്പുകളിലെയും എയഡഡ് കോളേജുകളിലെയും യോഗ്യരായ അദ്ധ്യാപകരെ നിയമിക്കുന്ന കാര്യം പരിഗണിച്ചിട്ടുണ്ട്. |

**Question No.5** given notice of by Sri. K.S Sabarinathan, MLA was not considered as the member was not present at the time.

**Question No.6** given notice of by Sri. Sibi .C. Babu was answered by Dr. K.B Manoj, Member, Syndicate.

| ശ്രീ. സിബി സി. ബാബു | |
|---|---|
| ചോദ്യം : 6 | **കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിൽ (2018-19, 2019-20) യൂണിവേഴ്സിറ്റി ബഡ്ജറ്റിൽ അദ്ധ്യാപകർക്ക് യൂണിവേഴ്സിറ്റി ഉത്തരക്കടലാസ് മൂല്യ നിർണയം ചെയ്തതിനുള്ള വേതനം നല്ക്കുന്നതിനു വേണ്ടി എത്ര തുക നീക്കിവച്ചിരുന്നു.**<br>**a) മേൽപ്പറഞ്ഞ വർഷങ്ങളിൽ അതിൽ എത്ര തുക അദ്ധ്യാപകർക്ക് വിതരണം ചെയ്തു ?**<br>**b) ഇതുവരെ വിതരണം ചെയ്ത തുക അദ്ധ്യാപകർക്ക് ആകെ നൽകേണ്ടിയിരിന്നതിന്റെ എത്ര ശതമാനം വരും ?** |
| ഉത്തരം | a) 2018 – 19, 2019-20 സാമ്പത്തിക വർഷങ്ങളിൽ അദ്ധ്യാപകർക്ക് ഉത്തരക്കടലാസ് മൂല്യ നിർണയം നടത്തുന്നതിനുള്ള വേതന ഇനത്തിൽ 6,50,00,000/-രൂപ വീതം ബഡ്ജറ്റിൽ വകയിരുത്തുകയുണ്ടായി. 2018-19 സാമ്പത്തിക വർഷം 1,89,12,604/- രൂപയും 2019-20 സാമ്പത്തിക വർഷം 5,44,93,340/- വിതരണം ചെയ്തിട്ടുണ്ട്.<br>b) മേൽപ്പറഞ്ഞ വർഷങ്ങളിൽ നീക്കിവച്ച തുയുടെ 29.10% വും, 83.84% വും വിതരണം ചെയ്യുകയുണ്ടായി. |

**Question No.7** given notice of by Sri. Ajithkumar J.N was answered by Dr. S. Nazeeb, Member, Syndicate.

| ശ്രീ. അജിത്കുമാർ .ജെ.എൻ | |
|---|---|
| **ചോദ്യം : 7** | **ലിംഗ്വിസ്റ്റിക്സിൽ ഡോക്ടറേറ്റ് കരസ്ഥമാക്കിയ ഇംഗ്ലീഷ് ഭാഷയും സാഹിത്യവും പഠിപ്പിക്കുന്ന കോളേജ് അധ്യാപകർക്ക് അഡ്വാൻസ് ഇൻക്രിമെന്റ് അനുവദിക്കുന്നതിൽ എന്തെങ്കിലും തടസ്സം ഉണ്ടോ?** |
| ഉത്തരം | ബന്ധപ്പെട്ട അക്കാദമിക് കമ്മിറ്റികളാണ് ഈ വിഷയം പരിശോധിക്കേണ്ടത്. |

**Question No.8** given notice of by Dr. A.M. Unnikrishnan was answered by Dr. S. Nazeeb, Member, Syndicate.

| ഡോ.എ.എം ഉണ്ണിക്കൃഷ്ണൻ | |
|---|---|
| **ചോദ്യം : 8** | **കോവിഡ്-19 രോഗവ്യാപനത്താൽ ഗവേഷണകേന്ദ്രത്തിലെത്തി സംവിധനങ്ങൾ പ്രയോജനപ്പെടുത്താൻ പറ്റാതായ ഗവേഷകർക്ക് എന്തെങ്കിലും ഓൺലൈൻ സൗകര്യങ്ങൾ ഏർപ്പെടുത്താൻ സാധിച്ചോ ? ഉണ്ടെങ്കിൽ എന്തെല്ലാം ? ഇല്ലെങ്കിൽ എന്തുകൊണ്ട് ?** |
| ഉത്തരം | കോവിഡ് –19 രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ പ്രീ. സബ്മിഷൻ സെമിനാർ, ഓപ്പൺ ഡിഫൻസ് വൈവ, വിവിധ യു.ജി.സി ഫെലോഷിപ്പുകളുടെ SRF അപ്ഗ്രഡേഷൻ കമ്മിറ്റികൾ എന്നിവ ഓൺലൈനായി നടത്തുന്നതിനും, നേരിട്ട് എത്തിച്ചേരാൻ കഴിയാത്ത ഗവേഷകർക്ക് വൈസ്-ചാൻസലറുടെ പ്രത്യേക അനുമതിയോടെ ഓൺലൈനായി പങ്കെടുക്കുന്നതിനുമുള്ള അനുവാദം നൽകിയിട്ടുണ്ട്.<br><br>കൂടാതെ സർവകലാശാല ലൈബ്രറിയിൽ remote acess സൗകര്യം അനുവദിച്ചിട്ടുണ്ട്. കോവിഡ് കാലയളവിൽ ഇതുവരെ ഏകദേശം നാന്നൂറ് പി.എച്ച്.ഡി ബിരുദം സർവകലാശാല നൽകിയിട്ടുണ്ട്. |

**Question No.9** given notice of by Adv.Gopukrishnan C.G was answered by Adv. A. Ajikumar, Member, Syndicate.

| അഡ്വ: ഗോപുകൃഷ്ണൻ.സി.ജി. | |
|---|---|
| **ചോദ്യം : 9** | **കേരളസർവകലാശാലയുടെ കാര്യവട്ടം കാമ്പസിൽ നടപ്പിലാക്കിയ 'ഹരിതാലയം' പദ്ധതി പ്രകാരം നടത്തിയ കൃഷിയുടെ വിളവെടുപ്പ് പൂർത്തിയായോ ?**<br>**a) ഇതിന് എത്രരൂപ ചെലവാക്കി ?**<br>**b) വിളവെടുപ്പ് കഴിഞ്ഞപ്പോൾ സർവകലാശാലക്ക് ലഭ്യമായ ലാഭം എത്ര?** |
| ഉത്തരം | 'ഹരിതാലയം' പദ്ധതിയിൽ ഹ്രസ്വകാല വിളകളും ദീർഘകാല വിളകളും ഉൾപ്പെടുന്നു. ലാഭ നഷ്ടങ്ങൾ ഇപ്പോൾ നിശ്ചയിക്കാനാകില്ല. നെൽകൃഷിയുടെ ആദ്യഘട്ട വിളവെടുപ്പ് മാത്രമേ പൂർത്തിയായിട്ടുള്ളൂ. രണ്ടാംഘട്ട കൃഷി ആരംഭിച്ചു. പച്ചക്കറിയുടെ വിളവെടുപ്പ് നടന്നുവരുന്നു.<br>a) നാളിതുവരെ അനുവദിച്ചത് 30,43,400/രൂപ.<br>ഇതിൽ ചെലവിലേക്കായി നൽകിയ തുക: 2843400/-രൂപ.<br>വിവിധ വിളകൾക്കുള്ള ചെലവുകൾ താഴെ ചേർക്കുന്നു.<br>1. നെൽകൃഷി : 10 ലക്ഷം രൂപ അനുവദിച്ചതിൽ 8 ലക്ഷം കൊടുത്തു കഴിഞ്ഞു. ഈ തുക ദീർഘനാളായി തരിശായി കിടന്ന നിലം വൃത്തിയാക്കി നെൽകൃഷിയ്ക്ക് അനുയോജ്യമാക്കുന്നതിന് വേണ്ടിയാണ് ചെലവഴിച്ചത്.<br>2. ആയിരം തെങ്ങിൻ തൈകൾ നട്ടുപിടിപ്പിക്കുന്നതിന് 2,55,000/-രൂപ ചെലവഴിച്ചു.<br>3. പച്ചക്കറി കൃഷിയിറക്കുന്നതിന് 1,50,000/- രൂപ ചെലവഴിച്ചു.<br>4. തേക്കിൻ തൈ (492 എണ്ണം) നട്ടവകയിലും ജലവിതരണ ചെലവുകൾക്കും 15,000/- രൂപ വിനിയോജിച്ചു.<br>5. വാഴ കൃഷി -555 എണ്ണം(വിളവെടുപ്പ് ആയിട്ടില്ല) : 47,000/- രൂപ<br>6. മത്സ്യ കൃഷി (വിളവെടുപ്പ് ആയിട്ടില്ല): 1 ലക്ഷം രൂപ<br>7. ജലലഭ്യതയ്ക്ക് വേണ്ടിയുള്ള ക്രമീകരണത്തിന് : 25,000/- രൂപ<br>8. സോഷ്യൽ ഫോറസ്ട്രി സ്കീമിൽ ഫലവൃക്ഷങ്ങൾ നടുന്നതിനുള്ള സ്ഥലം ഒരുക്കുന്നതിനു വേണ്ടി : 7,14,400/- രൂപ<br>9. സോഷ്യൽ ഫോറസ്ട്രി സ്കീമിൽ ഫലവൃക്ഷങ്ങൾ നടുന്നതിനുള്ള സ്ഥലത്തെ അക്കേഷ്യാ മരങ്ങൾ നമ്പറിട്ട് മുറിച്ച് മാറ്റുന്നതിന് വേണ്ടി : 10,000/- രൂപ<br>10. 'ഹരിതാലയം'പദ്ധതിയുടെയും മറ്റ് അനുബന്ധ ചെലവുകൾക്കുമായി : 6,27,000/- രൂപ<br>11. 'ഹരിതാലയം'പദ്ധതിയുടെ ഭാഗമായി ബോട്ടണി ഡിപ്പാർട്ട്മെന്റിൽ പച്ചരികൃഷി ആരംഭിക്കുന്നതിനുള്ള സജ്ജീകരണങ്ങൾ ചെയ്യുന്നതിന് |

| | |
|---|---|
| | വേണ്ടി സർവകലാശാല എഞ്ചിനീയർക്ക് 1 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.<br><br>b) പച്ചക്കറി വിളവെടുപ്പിൽ നിന്നുള്ള വരവ് (4/11/2020 വരെ) – 74,721/– രൂപ നെൽക്കൃഷിയിനത്തിൽ 4080 കിലോഗ്രാം വിത്ത് ഇനം വകയിൽ കൃഷി വകുപ്പിന് കൈമാറി.<br>ഇതിന്റെ വില സർക്കാർ നിശ്ചയിച്ച് അറിയിക്കുന്നതാണ്. |

**Question No.10 and 11** given notice of by Sri. M. Vincent, MLA was not considered as the member was not present at the time.

**Question No.12** given notice of by Dr. Sabeen H.M was answered by Dr. S. Nazeeb, Member, Syndicate.

| ഡോ. സബീൻ എച്ച്.എം | |
|---|---|
| ചോദ്യം : 12 | ഇന്റർഡിസിപ്ലിനറി പഠനങ്ങൾക്ക് പ്രസക്തിയേറുന്ന ഈ കാലഘട്ടത്തിൽ പ്രമുഖ സർവകലാശാലകളിലെല്ലാം തന്നെ ലിംഗ്വിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റും ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റും പരസ്പര പൂരകങ്ങളായി പ്രവർത്തിക്കുകയാണ്. കേരള സർവകലാശാലയിൽ ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപകർക്ക് ലിംഗ്വിസ്റ്റിക്സിൽ ഗവേഷണം നടത്തുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സം നിലനിൽക്കുന്നുണ്ടോ ? |
| ഉത്തരം | തടസ്സമില്ല. ബന്ധപ്പെട്ട വിഷയമേഖലകളിൽ ഗവേഷണം നടത്തുന്നതിന് അതത് അക്കാദമിക സമിതികളുടെ അനുമതിയോടെ അവസരം നൽകാറുണ്ട്. |

**Question No.13** given notice of by Dr. Dileep A.S was answered by Dr. S. Nazeeb, Member, Syndicate.

| ഡോ. ദിലീപ്.എ.എസ് | |
|---|---|
| ചോദ്യം : 13 | 1. കേരള സർവകലാശാലയിൽ നിന്നും UGC മാനദണ്ഡപ്രകാരം Ph.D നേടിയിട്ടുള്ള വിദ്യാർത്ഥികൾ മറ്റ് ആവശ്യങ്ങൾക്ക് സമീപിക്കുമ്പോൾ Ph.D Special Certificate നിർബന്ധം ആക്കിയിട്ടുണ്ടോ ?<br>a) സ്വന്തം സർവകലാശാലകളുടെ സർട്ടിഫിക്കറ്റുകൾക്ക് വീണ്ടും Special Certificate ആവശ്യപ്പെടുന്നതിന്റെ relevance എന്താണ് ? |
| ഉത്തരം | യു.ജി.സി 2016, റെഗുലേഷൻ പ്രകാരം Special Certificate ആവശ്യമാണ്. |

**Question No.14** given notice of by Dr. Rani Abraham was answered by Dr. K.B Manoj, Member, Syndicate.

| ഡോ. റാണി എബ്രഹാം | |
|---|---|
| ചോദ്യം : 14 | അദ്ധ്യായനവർഷാരംഭത്തിൽ തന്നെ സർവകലാശാല അദ്ധ്യാപകരുടെ index കാർഡ് കൃത്യമായി ഓൺലൈൻ സംവിധാനത്തിലൂടെ പുതുക്കാറുണ്ട്. എല്ലാ അദ്ധ്യാപകർക്കും beneficiary ID യും ലഭ്യമാക്കിയിട്ടുണ്ട് എന്നാൽ അദ്ധ്യാപകർ data sheet, memo of work done തുടങ്ങിയവ ഓരോ valuationനും practical പരീക്ഷക്കും ശേഷം അതാതു പരീക്ഷ ബോർഡുകൾക്ക് hard copy ആയി നൽകേണ്ടിയും വരുന്നു. ഇതൊഴിവാക്കി ഈ പ്രവർത്തനങ്ങൾ കൂടി ഓൺലൈൻ ആക്കാനുള്ള നടപടി സ്വീകരിക്കുമോ ? |
| ഉത്തരം | നിലവിൽ പരിഗണിക്കാൻ സാധിക്കില്ല. ഓൺലൈനായി നടപ്പിലാക്കുന്നതിന്റെ സാങ്കേതിക വശങ്ങൾ പരിശോധിക്കും. |

**Question No.15** given notice of by Dr. K.S Anilkumar was answered by Adv. Muraleedharan Pillai.G, Member, Syndicate.

| ഡോ. കെ.എസ് അനിൽകുമാർ | |
|---|---|
| ചോദ്യം : 15 | കോവിഡ്–19 പിരീഡ് ആൻഡ് ആഫ്റ്റർ എന്ന എക്സ്പേർട്സ് കമ്മിറ്റി റിപ്പോർക്ക് കേരള സർവകലാശാല നടപ്പിലാക്കിയോ?<br>പ്രസ്തുത റിപ്പോർട്ട് പ്രകാരം അഫിലിയേറ്റഡ് കോളേജിൽ നടപ്പിലാക്കേണ്ട ശുപാർശകളിൻ മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ?<br>ഇതിനു എന്തൊക്കെ സഹായങ്ങൾ ലഭ്യമാക്കും ? |
| ഉത്തരം | പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |

**Question No.16** given notice of by Dr. Rani Abraham was answered by Dr. S. Nazeeb, Member, Syndicate.

| ഡോ. റാണി എബ്രഹാം | |
|---|---|
| ചോദ്യം : 16 | **In the context of MHRD providing plagiarism software to Universities and institutions including private and deemed ones, would the University of Kerala take steps to make it available to its research community including those in affiliated colleges whose research output is a matter of pride for the University as well?** |
| ഉത്തരം | The University has already made available the facilities to examine plagiarism in the University Teaching Departments and Kerala University Library**.** The researchers can utilize this facility. |

**Question No.17** given notice of by Dr. K.R Kavitha was answered by Dr. M. Vijayan Pillai, Member, Syndicate.

| ഡോ. കെ. ആർ. കവിത | |
|---|---|
| ചോദ്യം : 17 | **കോളേജദ്ധ്യാപകരുടെ ജോലിഭാരം പുന:ക്രമീകരിച്ചതുമായി ബന്ധപ്പെട്ട് വന്ന ഗവൺമെന്റ് ഓർഡർ നിലനിൽക്കുന്ന സാഹചര്യത്തിൽ കോർപ്പറേറ്റ് മാനേജ്മെന്റ് കോളേജുകളിൽ സ്ഥലം മാറ്റം നടക്കാത്ത സാഹചര്യമുണ്ട്. എന്നാൽ കൃത്യമായ ജോലിഭാരം (16 മണിക്കൂർ) നിലനിൽക്കുന്ന ഒഴിവുകളിൽ പോലും സ്ഥലംമാറ്റം നൽകാത്തുമായി ബന്ധപ്പെട്ട് യൂണിവേഴ്സിറ്റി മാനേജുമെന്റുകൾക്ക് കൃത്യമായ മാർഗ്ഗ നിർദ്ദേശം നല്കിയിട്ടുണ്ടോ ?**<br>**ടി കാര്യം ശ്രദ്ധയിൽ പെട്ടിട്ടില്ലെങ്കിൽ ഇത്കാണിച്ച് മാനേജുമെന്റുകൾക്ക് നിർദ്ദേശം നല്കാമോ ?** |
| ഉത്തരം | കേരള സർവകലാശാല സ്റ്റാറ്റ്യൂട്ട് പ്രകാരം അധ്യാപകരുടെ സ്ഥലംമാറ്റം മേയ് 31ന് മുൻപ് നടത്തിത്തീർക്കണം. Corporate Management ന്റെ കീഴിൽ വരുന്ന എയ്ഡഡ് കോളേജ് അധ്യാപരുടെ Inter-Intra University transfer നു ആവശ്യമായ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചുകൊണ്ട് 09.08.2019-ൽ Ac.FII/18734/2019 നമ്പർ പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. |

**Question No.18** given notice of by Sri. K.S Sabarinathan, MLA was not considered as the member was not present at the time.

**Question No.19** given notice of by Sri. M. Vincent, MLA was not considered as the member was not present at the time.

**Question No.20** given notice of by Dr. A.M Unnikrishnan was answered by Dr. S. Nazeeb, Member, Syndicate.

| ഡോ. എ.എം ഉണ്ണിക്കൃഷ്ണൻ | |
|---|---|
| ചോദ്യം : 20 | **എം.ഫിൽ ബിരുദധാരികളായ സാഹിത്യഗവേഷകർക്ക് രണ്ടുവർഷം തികയുമ്പോൾ പി.എച്.ഡി ബിരുദത്തിനുവേണ്ടി പ്രബന്ധം സമർപ്പിക്കാമായിരുന്ന ആനുകൂല്യം പുന:സ്ഥാപിക്കുതിന് എന്തെങ്കിലും തടസ്സമുണ്ടോ ?** |
| ഉത്തരം | ഇക്കാര്യം പ്രായോഗികമല്ല എന്ന് അക്കാദമിക്ക് കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്. |

**Question No.21** given notice of by Dr. Abraham. A was answered by Dr. S. Nazeeb, Member, Syndicate.

| ഡോ.എബ്രഹാം.എ | |
|---|---|
| ചോദ്യം : 21 | **a) കൊറോണ രോഗവ്യാപനവുമായി ബന്ധപ്പെട്ടു നേരിട്ടുള്ള അദ്ധ്യയനം അസാധ്യമാകുകയും പകരം ഓൺലൈനായി അദ്ധ്യായനം നടക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ കേരള സർവകലാശാല അഫിലിയേറ്റഡ് കോളേജുകളിലെ സിലബസ് ലഘൂകരിക്കുകയോ പരിഷ്കരിക്കുകയോ ചെയ്തിട്ടുണ്ടോ ?**<br>**b) ഉണ്ടെങ്കിൽ ഏതൊക്കെ വിഷയങ്ങളുടെ സിലബസ്സ് എത്ര ശതമാനം വീതം ലഘൂകരിച്ചിട്ടുണ്ട് ?** |
| ഉത്തരം | a) ഇല്ല.<br>b) ബാധകമല്ല |

**Question No.22** given notice of by Dr. B. Rajendran was not considered as the member was not present at the time.

**Question No.23** given notice of by Dr. Vishnu V.S was not considered as the member was not present at the time.

**Question No.24** given notice of by Smt. Shajitha S was answered by Dr. S. Nazeeb, Member, Syndicate.

| ശ്രീമതി. ഷാജിത. എസ് | |
|---|---|
| ചോദ്യം : 24 | യു.ജി.സി മിനിമം സ്റ്റാൻഡേർഡ് ആന്റ് പ്രൊസീജിയേഴ്സ് ഫോർ അവാർഡ് ഓഫ് എം.ഫിൽ/ പി.എച്.ഡി ഡിഗ്രി റെഗുലേഷൻസ് 2016, ക്ലോസ് 8 പ്രകാരം റിസർച്ച് അഡ്വൈസറി കമ്മിറ്റിയുടെ രൂപീകരണവും പ്രവർത്തനവും ഗവേഷണ കേന്ദ്രങ്ങൾ ആയ അഫിലിയേറ്റഡ് കോളേജുകളിൽ നടത്താൻ സർവകലാശാല സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ? |
| ഉത്തരം | 3 ന്റെ ഉത്തരം ശ്രദ്ധിച്ചാലും. |

**Question No.25** given notice of by Dr. S. Ajayakumar was answered by Dr. K.B Manoj, Member, Syndicate.

| ഡോ. എസ്. അജയകുമാർ | |
|---|---|
| ചോദ്യം : 25 | കോവിഡ് 19 നിയന്ത്രണാതീതാമയി പടർന്നുപിടിക്കുന്ന സാഹര്യത്തിൽ സർവകലാശാല പരീക്ഷകൾ നടത്തുന്നതിന് സർവകലാശാല പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?<br>a) ഒരു വർഷത്തിൽ പൂർത്തിയാകുന്ന രണ്ട് സെമസ്റ്ററുകളുടെ പരീക്ഷ സംയോജിതമായി (ഒറ്റ പരീക്ഷയായി) നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ ?<br>b) സയൻസ് വിഷയങ്ങളുടെ പ്രാക്ടിക്കൽ പൂർത്തിയാക്കുന്നതിന് സർവകലാശാല സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം ? |
| ഉത്തരം | വിദ്യാർത്ഥി സൗഹൃദമായ രീതിയിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് BA/BSc/B.Com പരീക്ഷകൾ നടത്തുകയും, അവയുടെ ഫലം സമയബന്ധിതമായി പ്രസിദ്ധീകരിക്കുകയും ചെയ്തു. PG പരീക്ഷകളുടെ ഫലം താമസിയാതെ പ്രസിദ്ധീകരിക്കും. കേരള സർവകലാശാലയുടെ പരിധിക്ക് പുറത്തുള്ള സ്ഥലങ്ങളിലും (ലക്ഷദ്വീപ് ഉൾപ്പെടെ) പരീക്ഷകൾ നടത്തി. ഈ മോഡൽ ദേശീയ ശ്രദ്ധ പിടിച്ചുപറ്റിയിട്ടുണ്ട്.<br>a) ഇക്കാര്യത്തിൽ തീരുമാനമായിട്ടില്ല.<br>b) കോവിഡിന്റെ പശ്ചാത്തലത്തിൽ ഗവൺമെന്റ്/യു.ജി.സി നിർദ്ദേശം ലഭിക്കുന്നമുറക്ക് തീരുമാനമെടുക്കുന്നതാണ്. |

**Question No.26** given notice of by Dr. Dileep A.S was answered by Dr. M. Vijayan Pillai, Member, Syndicate.

| ഡോ. ദിലീപ്.എ.എസ് | |
|---|---|
| ചോദ്യം : 26 | **Aided college teachers ന്റെ CAS Promotionനുമായി ബന്ധപ്പെട്ട് Confidential Report ആവശ്യമാണോ ?**<br>**a) ആവശ്യമാണെങ്കിൽ ഇത് ഏത് Regulation പ്രകാരമാണ് നിഷ്കർഷിച്ചിട്ടുള്ളതാണ് ?** |
| ഉത്തരം | CAS പ്രൊമോഷനുവേണ്ടി നടത്തപ്പെടുന്ന സ്ക്രീനിംഗ് കമ്മിറ്റിയുടെ സുതാര്യത ഉറപ്പാക്കുന്നതിനു വേണ്ടിയാണ് സബ്ജക്റ്റ് എക്സ്പെർട്ടുകളിൽ നിന്നും Confidential Report ആവശ്യപ്പെടുന്നത്. പാനൽ VCയുടെ അധികാര പരിധിയിൽ വരുന്നതിനാൽ നോമിനേറ്റ് ചെയ്യുന്ന VC ക്ക് Confidential Report ആവശ്യപ്പെടാം. |

**Question No.27** given notice of by Dr. Sekaran. S was answered by Dr. M. Vijayan Pillai, Member, Syndicate.

| ഡോ. ശേഖരൻ .എസ് | |
|---|---|
| ചോദ്യം : 27 | 2018 യുജിസി റഗുലേഷൻ പ്രകാരം എയ്ഡഡ് കോളേജദ്ധ്യാപകരുടെ പ്രൊഫസർ തസ്തികയിലേക്കുള്ള പ്രമോഷനു വേണ്ടി കേരള സർവകലാശാല എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ? |

| | |
|---|---|
| ഉത്തരം | Direct Payment Agreement പ്രകാരം ഗവൺമെന്റ് Paymaster ആയതിനാൽ എയ്ഡഡ് കോളേജുകളിൽ പ്രൊഫസർ തസ്തിക അനുവദിക്കുന്നതിനായുള്ള സ്പഷ്ടീകരണം ആവശ്യപ്പെട്ട് Ac.FII/UGC-18/2019 dated 29.10.2019, Ac.FII/37018/2019 dated 27.08.2020 പ്രകാരം ഗവൺമെന്റിലേക്ക് കത്തുകൾ അയച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാരിൽ നിന്നും മറുപടി ലഭിച്ചിട്ടില്ല. |

**Question No.28** given notice of by Sri. K.S Sabarinathan, MLA was not considered as the member was not present at the time.

**Question No.29** given notice of by Dr. Babitha G.S was answered by Adv. A. Ajikumar, Member, Syndicate.

| **ഡോ.ബബിത.ജി.എസ്** | |
|---|---|
| ചോദ്യം : 29 | **കോവിഡ് കാലഘട്ടത്തിൽ ഭക്ഷ്യ സുരക്ഷയുടെ ഭാഗമായി കേരള സർവകലാശാല ആവിഷ്കരിച്ചിട്ടുള്ള 'ഹരിതാലയം' പദ്ധതി എല്ലാ അഫിലിയേറ്റഡ് കോളേജുകളിലും നടപ്പിലാക്കിയിട്ടുണ്ടോ ?**<br>**ഇതിലേക്കായി കോളേജുകൾക്ക് ഏതെങ്കിലും സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ?** |
| ഉത്തരം | 'ഹരിതാലയം' പദ്ധതി എല്ലാ കോളേജുകളിലും നടപ്പിലാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിലേക്കായി കോളേജുകൾക്ക് സാമ്പത്തിക സഹായം നൽകിയിട്ടില്ല. ഈ പദ്ധതി ഏറ്റവും മെച്ചമായി നടപ്പിലാക്കുന്ന കലാലയത്തിന് ഹരിതാലയം അവാർഡ് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. |

**Question No.30** given notice of by Dr. K.R Kavitha was answered by Adv. Muraleedharan Pillai G, Member, Syndicate.

| **ഡോ. കെ.ആർ. കവിത** | |
|---|---|
| ചോദ്യം : 30 | **The National Skills Qualification Framework (NSQF) - UGC, നേരിട്ട് കോളേജുകൾക്ക് കോഴ്സുകൾ കൊടുക്കുന്ന സാഹചര്യത്തിൽ, യൂണിവേഴ്സിറ്റി അത്തരം കോഴ്സുകളുടെ നടത്തിപ്പും തുടർ പ്രക്രിയകളിലുള്ള മേൽനോട്ടവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ എടുത്തിണ്ടോ ?**<br>**a) ഉണ്ടെങ്കിൽ അവ വിശദമാക്കുക ?** |
| ഉത്തരം | UGC-NSQF സ്ക്രീമിൽ വിവിധ കോളേജുകൾക്ക് അനുവദിച്ച ഡിപ്ലോമ സർട്ടിഫിക്കറ്റ് കോഴ്സുകൾ അതാതു കോളേജുകളുടെ അഫിലിയേറ്റഡ് കോഴ്സുകളുടെ നടത്തിപ്പിനെ ബാധിക്കാതെയും സർക്കാരിനോ സർവകലാശാലക്കോ സാമ്പത്തികമായ അധിക ബാധ്യത ഉണ്ടാക്കാത്ത തരത്തിൽ യു.ജി.സിയുടെ സ്പോൺസർഷിപ്പിൽ ടി കോളേജുകളുടെ ഒരു എക്സ്റ്റൻഷൻ ആക്ടിവിറ്റി ആയി പ്രസ്തുത കോഴ്സുകൾ നടത്തുന്നതിന് സർവ്വകലാശാലക്ക് എതിർപ്പില്ല എന്നും വിദ്യാർത്ഥികളിൽ നിന്നും അമിതമായ ഫീസ് വാങ്ങാതെ പ്രസ്തുത കോഴ്സുകൾ നടത്തണമെന്നും 23/10/2020-ൽ കൂടിയ സിൻഡിക്കേറ്റ് തീരുമാനിച്ചു. പ്രസ്തുത കോളേജുകളിൽ ആവശ്യമായ പരിശോധന നടത്താനും സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചിട്ടുണ്ട്. |

**Question No.31** given notice of by Dr. Jayakumar. K was answered by Dr. S.Nazeeb, Member, Syndicate.

| **ഡോ. ജയകുമാർ. കെ** | |
|---|---|
| ചോദ്യം : 31 | **കോവിഡിന്റെ പശ്ചാത്തലത്തിൽ വിവിധ സ്ഥാപനങ്ങൾ Synchronous രീതിയിലും Asynchronous രീതിയിലും നടത്തുന്ന ഓൺലൈൻ റിഫ്രഷർ/ഓറിയന്റെഷൻ പ്രോഗ്രാമുകൾ CAS പ്രകാരമുള്ള പ്രൊമോഷനുകൾക്ക് യൂണിവേഴ്സിറ്റി പരിഗണിക്കുമോ ?** |
| ഉത്തരം | **UGC- HRDC മാനദണ്ഡങ്ങൾ അനുസരിച്ച് നടത്തുന്ന ഓൺലൈൻ റിഫ്രഷർ/ഇൻഡക്ഷൻ പ്രോഗ്രാമുകൾ CAS പ്രകാരമുള്ള പ്രൊമോഷനുകൾക്ക് യൂണിവേഴ്സിറ്റി പരിഗണിക്കുന്നുണ്ട്** |

**Question No.32** given notice of by Dr. S. Ajayakumar was answered by Adv. Muraleedharan Pillai G, Member, Syndicate.

| **ഡോ.എസ്. അജയകുമാർ** | |
|---|---|
| ചോദ്യം : 32 | **കോളേജുകൾതുറക്കുന്നത് അനിശ്ചിതമായി നീളുന്ന സാഹചര്യത്തിൽ സർവകാലശാലയിൽ അഫിലിയേറ്റു ചെയതിട്ടുള്ള കോളേജുകളിലെ (എയഡഡ്-സർക്കാർ) നിർദ്ധനരായ വിദ്യാർത്ഥികൾക്ക് പഠനോപകരണം വാങ്ങി നല്കുന്നതിന് സർവകലാശാലാ ഫണ്ട് വിനിയോഗം സാധ്യമാണോ ?** |

| | |
|---|---|
